**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാങ്കേതിക വിദ്യാഭ്യാസം- സർ ക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ- ഹോസ്റ്റൽ അഡ്മിഷൻ- പുതുക്കിയ ഭേദഗതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

G.O.(Rt) No.1491/2021/HEDN തീയതി,തിരുവനന്തപുരം, 10/11/2021

---

പരാമർശം:-
1. 28.02.2016 തീയതിയിലെ സർക്കുലർ നമ്പർ. H.Edn-ജി1/92/2016/H.Edn.
2. 13.07.2017 തീയതിയിലെ G.O (Ms) 190/2017/H.Edn നമ്പർ ഉത്തരവ്
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 08.11.2021 തീയതിയിലെ ACB1/36948/21/ഡി.ടി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഹോസ്റ്റലുകളിൽ അഡ്മിഷൻ നടത്തുന്നതിനു മുൻഗണ (1)-ൽ വരുന്ന SC/ST/PH/BPL/OTHER STATES/GOVERNMENT OF INDIA NOMINEES എന്നീ വിഭാഗങ്ങൾക്ക് ആകെ 20 ശതമാനം സീറ്റ് നൽകികൊണ്ടും, പൊതു വിഭാഗത്തിലെ അഡ്മിഷൻ മെറിറ്റിന്റേയും ദൂരത്തിന്റേയും അടിസ്ഥാനത്തിലും ആക്കികൊണ്ടു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

**2.** എന്നാൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ലേഡീസ്/മെൻസ് ഹോസ്റ്റലുകളിൽ മുൻഗണന ( 1 ) പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ നിന്നും അപേക്ഷ ലഭിച്ചതിൽ ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾക്ക് മാത്രമാണ് അഡ്മിഷൻ ലഭിച്ചത് എന്നും നിലവിലെ ഹോസ്റ്റൽ അഡ്മിഷൻ ലഭിക്കുന്ന മാർഗ്ഗനിർദ്ദേശത്തിൽ മാറ്റം വരുത്തി മുൻഗണന ( 1 ) ഭാഗങ്ങളിലുള്ള കുട്ടികൾക്ക് പരിധിയില്ലാതെ മുഴുവൻ അപേക്ഷകർക്കും ഹോസ്റ്റൽ നൽകുക, പൊതു വിഭാഗത്തിൽ അഡ്മിഷൻ നൽകുന്നത് മെറിറ്റിന്റേയും ദൂരത്തിന്റേയും അടിസ്ഥാനത്തിലാകണം എന്ന നിബന്ധന മെറിറ്റിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലും ആക്കണമെന്ന് പരാമർശം 3 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഹോസ്റ്റലുകളിൽ അഡ്മിഷൻ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **മുൻ ഗണന (1)-ൽ വരുന്ന SC/ST/PH/BPL/OTHER STATES/GOVERNMENT OF INDIA NOMINEES വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് പരിധിയില്ലാതെ മുഴുവൻ അപേക്ഷകർക്കും ഹോസ്റ്റൽ സീറ്റ് അനുവദിച്ചും;**
2. **പൊതു വിഭാഗത്തിൽ അഡ്മിഷൻ നൽകുന്നത് മെറിറ്റിന്റേയും ദൂരത്തിന്റേയും അടിസ്ഥാനത്തിലാകണം എന്ന നിബന്ധന മെറിറ്റിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലും ആക്കുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C Ajayan

Additional Secretary

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ